# സാഹിത്യവാരഫലം

1998/03/13 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1998/03/13-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

## ചോദ്യം, ഉത്തരം

**ചോദ്യം:** എന്നെ നിങ്ങൾക്കറിയാമോ?

**ഉത്തരം:** ചോദ്യത്തോടൊരുമിച്ചുള്ള പേരിൽ നിന്ന് ആളിനെ മനസ്സിലായി. ശേഷമുള്ള കാര്യങ്ങൾ എൻസൈക്ലോപ്പീഡിയ ബ്രിട്ടാണിക്കായിൽ നിന്നു ഗ്രഹിച്ചുകൊള്ളാം.

**ചോദ്യം:** തിരുവനന്തപുരത്തെ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞവയായതു് എന്തുകൊണ്ട്?

**ഉത്തരം:** ഇവിടത്തെ റോഡുകൾ ആളുകൾക്ക് നടക്കുവാനുള്ളവയല്ല. കന്നുകാലികൾക്ക് നിരന്തരം ചാണകമിടാനുള്ളവയാണ്, നായ്ക്കൾക്ക് അലഞ്ഞുതിരിയാനുള്ളവയാണ്. അക്കാരണത്താൽ കുണ്ടും കുഴിയും ഉണ്ടായാലും തെറ്റില്ല.

**ചോദ്യം:** തീവണ്ടിയപകടങ്ങൾ ഉണ്ടാകുമ്പോൾ പണ്ടൊക്കെ മന്ത്രിമാർ രാജിവച്ചിരുന്നു. അപകടങ്ങൾക്കും രാജിവയ്ക്കലിനും എന്തുബന്ധം?

**ഉത്തരം:** പ്രജാധിപത്യമുള്ള രാജ്യങ്ങളിൽ അത്തരം ആപത്തുക്കൾ സർക്കാരിന്റെ കുറ്റമായി പരിഗണിക്കപ്പെടുന്നു. മന്ത്രിമാരെ അവരുടെ സമുന്നത സ്ഥാനങ്ങളിലേക്ക് ഉയർത്തുന്നതു് ജനങ്ങളാണല്ലോ. ആ ജനതയ്ക്ക് ആപത്ത് ഉണ്ടാകുമ്പോൾ മന്ത്രിക്ക് മന്ത്രിസ്ഥാനത്തിരിക്കാൻ യോഗ്യതയില്ല. ഏതാപത്തുണ്ടായാലും മന്ത്രിക്കസേരയിൽ നിന്നിറങ്ങാത്തവൻ പ്രജാധിപത്യത്തെ പുല്ലുപോലെ കരുതുന്നുവെന്ന് വിചാരിച്ചാൽ മതി.

**ചോദ്യം:** പത്രങ്ങളിലും വാരികകളിലും നടക്കുന്ന വാദപ്രതിവാദങ്ങളെക്കുറിച്ച് എന്തു പറയുന്നു?

**ഉത്തരം:** പ്ലേറ്റോ പറഞ്ഞിട്ടുണ്ട് കുളിക്കുന്നതു് ശരീരശുചീകരണത്തിനാണെന്ന്. വാദപ്രതിവാദം ആശയശുചീകരണത്തിനാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഇവിടെ അതല്ല സ്ഥിതി. പ്രതിയോഗിയെ തേജോവധം ചെയ്യാനാണ് വാദപ്രതിവാദം നടത്തുന്നതു്.

**ചോദ്യം:** കേരളത്തിലെ മഹാന്മാരായ സാഹിത്യകാരന്മാരെ നിങ്ങളുടെ പരുക്കൻ വാക്കുകൾ സ്പർശിക്കുമോ?

**ഉത്തരം:** കാട്ടുപോത്ത് അതിന്റെ കൊമ്പ് പാളത്തിൽ കൊണ്ടു വച്ചാൽ ഭീമാകാരമാർന്ന തീവണ്ടി മറിയും. പരുന്തും കഴുകനും വിമാനത്തിലിടിച്ചാൽ വിമാനം തകരുമെന്ന് നിങ്ങൾക്കറിയില്ലേ?

**ചോദ്യം:** എ. ഡി. രണ്ടായിരമാകുമ്പോൾ ഏതു് വസ്തുവിന് കുറവുവരും? അരിക്കാണോ?

**ഉത്തരം:** അരിക്കല്ല. ചാണകത്തിന്. കിട്ടുന്ന ചാണകമെല്ലാം രാഷ്ട്രീയ നേതാക്കളുടെ നേർക്ക് ബഹുജനമെറിയും. നേതാക്കാന്മാരുടെ സംഖ്യാബലം കൂടുന്നതുകൊണ്ട് ചാണകം മതിയാവാത്ത അവസ്ഥ അടുത്ത രണ്ടുകൊല്ലത്തിനകമുണ്ടാകും.

**ചോദ്യം:** ഈ ലോകത്ത് സത്യസന്ധമായി എന്തെങ്കിലുമുണ്ടോ?

**ഉത്തരം:** ഉണ്ട്. അമ്മയുടെ കണ്ണുനീർ.

**ചോദ്യം:** മുഖസ്തുതി ചീത്തയാണോ?

**ഉത്തരം:** വളരെ. അതൊഴിവാക്കിയില്ലെങ്കിൽ കാമുകി നിങ്ങളെ വിവാഹം കഴിക്കും.

### വെറും പ്രസ്താവങ്ങൾ

'നാസ്തി അയാളുടെ ഭാര്യക്ക് എന്തയച്ചുകൊടുത്തു?' എന്ന പേരിൽ ബ്രഹ്റ്റ് ഒരു കവിത എഴുതിയിട്ടുണ്ട്.

**ചോദ്യം:** ഭടന്റെ ഭാര്യയ്ക്ക് പ്രാഗ്[1] പട്ടണത്തിൽ നിന്ന് എന്തു കിട്ടി?

**ഉത്തരം:** പ്രാഗിൽ നിന്ന് അവൾക്ക് ഉയർന്ന മടമ്പുള്ള ഷൂസ് കിട്ടി. അതാണവൾക്ക് പ്രാഗിൽ നിന്ന് കിട്ടിയതു്.

**ചോദ്യം:** ഭടന്റെ ഭാര്യയ്ക്ക് സൗണ്ടി[2]ന്റ മുകളിലൂടെ ആസ്ലോ[3]യിൽ നിന്ന് എന്തു കിട്ടി?

**ഉത്തരം:** ആസ്ലോയിൽ നിന്ന് അവൾക്ക് തോലോട്ടുകൂടി രോമമുള്ള തൊപ്പികിട്ടി. സൗണ്ടിന്റ മുകളിലൂടെ ആസ്ലോയിൽ നിന്ന് കിട്ടിയ ആ തൊപ്പി അവൾക്ക് യോജിക്കുന്നു.

**ചോദ്യം:** ഭടന്റെ ഭാര്യയ്ക്ക് സമ്പന്നമായ ആംസ്റ്റർഡാമിൽ[4] നിന്ന് എന്തു കിട്ടി?

**ഉത്തരം:** അംസ്റ്റർഡാമിൽ നിന്ന് അവൾക്ക് ഒരു ഹാറ്റ് കിട്ടി. ആ ഡച്ച് ഹാറ്റ് ധരിച്ച് അവൾ ഭംഗിയുള്ളവളും ശുചിത്വമുള്ളവളുമായി.

**ചോദ്യം:** ഭടന്റെ ഭാര്യയ്ക്ക് ബൽജിയൻ ഭൂമിയിൽ നിന്ന് എന്തു കിട്ടി?

**ഉത്തരം:** ബ്രസ്സൽസ്സിൽ നിന്ന് അവൾക്ക് അതിമനോഹരമായ 'ലെയ്സ്' കിട്ടി. അതു് എത്ര മനോഹരമായാണ് അവളുടെ മുഖത്തെ വേർതിരിച്ചു കാണിക്കുന്നതു്.


**ചോദ്യം:** ഭടന്റെ ഭാര്യയ്ക്ക് പ്രകാശനഗരമായ പാരീസിൽ നിന്ന് എന്തുകിട്ടി?

**ഉത്തരം:** ഓ, പാരീസിൽ നിന്ന് അവൾക്ക് സാറ്റിൻ വസ്ത്രങ്ങൾ കിട്ടി. പ്രകാശനഗരമായ പാരീസിൽ നിന്നും കിട്ടിയ ആ സാറ്റിൻ ഡ്രസ്സ് കണ്ട് അവളുടെ അയൽക്കാർ എത്ര കണ്ട് അസൂയപ്പെട്ടു!

**ചോദ്യം:** ഭടന്റെ ഭാര്യക്ക് തണുത്ത റഷ്യൻ രാജ്യത്ത് നിന്ന് എന്തുകിട്ടി?


**ഉത്തരം:** എന്ത്, അവിടെ നിന്ന് അവൾക്കു വിധവയുടെ മൂടുപടം കിട്ടി. ഓ. റഷ്യൻ ഭൂമിയിൽ നിന്നു കിട്ടിയ ആ മൂടുപടം ധരിച്ച് അവൾ വിവർണ്ണവദനയായി കാണപ്പെട്ടു.

1. ചെക്കസ്ലോവാക്യയിലെ നഗരം.
2. The sound—കടലിടുക്ക്—ഡെന്മാർക്കിനും സ്വീഡനുമിടയ്ക്ക്.
3. Oslo പട്ടണം. നോർവേയിൽ.
4. നെതർലാൻഡ്സിലെ നഗരം.


ബ്രഹ്റ്റ്

ഷൂസും തൊപ്പിയും സാറ്റിനും സർവസാധാരണങ്ങൾ. യുദ്ധത്തിൽ ഭർത്താവ് മരിച്ചതുകൊണ്ടു വിധവയായി കഴിയേണ്ടി വരുന്ന അവസ്ഥയ്ക്കും നൈയാമിക സ്വഭാവവുമുണ്ട്—സാധാരണ സ്വഭാവവുമുണ്ട്. എന്നാൽ കവി അവയെ നമുക്ക് ഒരിക്കലും കഴിയാത്ത രീതിയിൽ ചേർത്തുകഴിയുമ്പോൾ യുദ്ധം, മരണം, ഇവയെക്കുറിച്ചുള്ള നമ്മുടെ അവബോധത്തിന് വ്യാപകത്വവും തീക്ഷ്ണതയുമുണ്ടാകുന്നു. ബ്രഹ്റ്റിനെപ്പോലെ അനുഗൃഹീതരല്ല നമ്മൾ. എത്ര ശ്രദ്ധിച്ചാലും കാണാൻ കഴിയാത്തതിനെയാണ് അദ്ദേഹം നമുക്ക് കാണിച്ചുതരുന്നതു്. ഇതാണ് കലയുടെ സ്വഭാവം. ശ്രീ. എ. കെ. നാരായണഭട്ടതിരി കുങ്കുമം വാരികയിലെഴുതിയ 'മനസ്സിലാകുന്നവ' എന്ന ചെറുകഥയിൽ ഇല്ലാത്തതു് കലാംശം മാത്രമാണ്. മുസ്ലീമും ഹിന്ദുവും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും മനുഷ്യത്വമാണ് അവരെ കൂട്ടിച്ചേർക്കുന്നതെന്നും വരുത്താൻ വേണ്ടി കഥാകാരൻ ഒരു ഹിന്ദുവിനെ ഒരു മുസ്ലീമിന്റെ വീട്ടിൽ എത്തിച്ച് രണ്ടുപേരെക്കൊണ്ടും സംസാരിപ്പിക്കുന്നു. നാരായണഭട്ടതിരിയുടെ ഉദ്ദേശ്യം നന്ന്. എന്നാൽ അദ്ദേഹത്തിന്റെ രചന വായനക്കാരന്റെ ഹൃദയതന്ത്രികളെ സ്പർശിക്കുന്നില്ല. 'എന്റെ വീട്ടിൽ മേശയുണ്ട്' എന്നു പറഞ്ഞാൽ അതു സത്യമാണെങ്കിലും എന്റെയോ ആ വാക്യം കേൾക്കുന്നവന്റെയോ ജീവിതാവബോധത്തിന് വ്യാപ്തി വരുമോ? വെറും പ്രസ്താവങ്ങളാണ് നാരായണഭട്ടതിരിയുടെ കഥയിലുള്ളതു്. ബ്രഹ്റ്റിന്റെ വാക്യങ്ങളിൽ ഇല്ലാത്തതും എന്നാൽ എവിടെയോ മറഞ്ഞിരിക്കുന്നതുമായ ഒരംശം—കാരണം കൂടാതെ റഷ്യയെ ആക്രമിച്ച ജർമ്മനി പരാജയപ്പെട്ടു എന്ന അംശം—നമ്മളറിയാതെ നമ്മളിലേക്ക് സംക്രമിക്കുന്നു. ഭട്ടതിരി തനിക്ക് പറയാനുള്ളതു് പച്ചയായിപ്പറഞ്ഞു് കലയുടെ കഴുത്തു മുറിക്കുന്നു.

### കാലത്തിന്റെ സംഹാരാത്മകത


കിളിമാനൂർ രമാകാന്തൻ

നമ്മുടെ അവബോധത്തിന്റെ വ്യാപ്തി കൂട്ടുന്ന ശ്രീ. കിളിമാനൂർ രമാകാന്തന്റെ 'കാലം' എന്ന മനോഹരമായ കാവ്യം. കൈത്തണ്ടയിൽ കെട്ടിയ വാച്ച് കാലമാകുന്ന കൃഷ്ണസർപ്പമാണെന്ന കവി സങ്കല്പിക്കുന്നു. വാച്ചിന്റെ രണ്ടു സൂചികളും ദ്വിജിഹ്വത്തെ (രണ്ടു നാവുള്ളതു്) സൂചിപ്പിക്കുന്നു. വാച്ചിന്റെ സ്ട്രാപ്പ് സർപ്പത്തിന്റെ ഉടലും വാച്ച് അതിന്റെ തലയുമത്രേ. കാലത്തിന്റെ സൂക്ഷ്മമായ വാച്ച് അതിന്റെ (കാലത്തിന്റെ) ദീർഘതയേയും അപ്രമേയസ്വഭാവത്തേയും സ്പഷ്ടമാക്കുന്നു. തുടർന്നു കവിത വായിക്കുക. കാലത്തിന്റെ സംഹാരാത്മകത അനുഭവപ്പെടും. പല കവികളും അലങ്കാരം പ്രയോഗിക്കുമ്പോൾ ഉദ്ദേശിച്ച അർത്ഥത്തിന് മാറ്റം വരും. രമാകാന്തന്റെ അലങ്കാരപ്രയോഗം ആ മാറ്റം വരുത്തുന്നില്ലെന്ന് മാത്രമല്ല അർത്ഥത്തിന് സാന്ദ്രത ഉളവാക്കുകയും ചെയ്യുന്നു. നല്ല കവിതകളിൽ കവിയുടെ ആത്മാംശം അപ്രത്യക്ഷമാവുകയും പ്രതിപാദനത്തിന് നൈസർഗ്ഗികത വരികയും ചെയ്യും. രമാകാന്തന്റെ കവിതയ്ക്ക് ആ ഗുണമുണ്ട്.

കവിയുടെ പ്രസ്താവങ്ങളിൽ നിന്നു വ്യക്തമാകാത്തതും എന്നാൽ പ്രച്ഛന്നമായി വർത്തിക്കുന്നതുമായതിനെ കാണിച്ചുതരാൻ വേണ്ടി ഞാൻ എഡ്രിയേൻ റിച്ച് എന്ന ലെസ്ബിയൻ (സ്വവർഗ്ഗാനുരാഗിണി) കവിയുടെ ഒരു കവിതയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. 'Aunt Jennifer's Tiger' എന്നാണ് ആ കവിതയുടെ പേര്. അമ്മായിയുടെ കടുവകൾ യഥാർത്ഥ കടുവകളല്ല. അവർ കമ്പിളികൊണ്ട് തുണിയിൽ തയ്ക്കുന്നവയത്രേ. അവ തുണിയിൽ ചാടുന്നു. അവയ്ക്ക് മരച്ചുവടുകളിലെ ആളുകളെ പേടിയില്ല. കമ്പിളിയുടെ ഇടയിലൂടെ ചലനം കൊള്ളുന്ന അമ്മായിയുടെ വിരലുകൾ അവർക്കു വലിച്ചെടുക്കാൻ പ്രയാസമുണ്ട്. കാരണം അവരുടെ ഭർത്താവിന്റെ വൈവാഹിക പാശം കൈയിൽ ഭാരമേല്പിക്കുന്നു എന്നതാണ്. അമ്മായി മരിച്ചാൽ അവരുടെ പീഡിപ്പിക്കപ്പെട്ട വിരലുകൾ വിവാഹ മോതിരമണിഞ്ഞു വർത്തിക്കുന്നുണ്ടാകും. പക്ഷേ അവർ തുണിയിലുണ്ടാക്കിയ കടുവകൾ ചിത്തോദ്രേകത്തോടെ ഭയരാഹിത്യത്തോടെ ചാടിക്കൊണ്ടിരിക്കും (The tigers in the panel that she made will go on prancing, proud and unafraid) അമ്മായിക്ക് ദാമ്പത്യജീവിതം ക്ലേശപൂർണ്ണമാണ്. ഭർത്താവ് സർക്കസ്സിലെ മൃഗപീഡനക്കാരനെപ്പോലെ അവരെ പീഡിപ്പിക്കുന്നു. എന്നാൽ അവർ തുണിയിൽ തയ്ച്ച കടുവകൾക്ക് അഭിമാനമുണ്ട്. ഭയമില്ലായ്മയുണ്ട്. ചാടാനുള്ള സ്വാതന്ത്ര്യമുണ്ട്. അഭിമാനമില്ലാതെ, സ്വാതന്ത്ര്യമില്ലാതെ, ചലനശക്തിയില്ലാതെ കഴിയുന്ന ഒരു സ്ത്രീയുടെ ചിത്രം ഈ കവിതയിൽ പ്രച്ഛന്നമായി ഇരിക്കുന്നു. അതിനെ നേരിട്ടുള്ള പ്രതിപാദനമില്ലാതെ പ്രത്യക്ഷമാക്കുന്ന കവിയുടെ പ്രാഗൽഭ്യം അസാധാരണം തന്നെ.

### പല കാര്യങ്ങൾ


1\. മുന്നറിയിപ്പു കൂടാതെ ഒരാൾ വീട്ടിൽ വന്ന രണ്ടുമണിക്കൂർ സംസാരിച്ച ശേഷം ഞാൻ വാച്ച് നോക്കുന്നതു് കണ്ടു മനസ്സില്ലാമനസ്സോടെ യാത്ര പറയുമ്പോൾ എനിക്കുണ്ടാകുന്ന ആശ്വാസം ഒരു നിമിഷത്തേക്ക് മാത്രം. അടുത്തയാൾ കൈയെഴുത്തു പ്രതികൾ അടങ്ങിയ വലിയ സഞ്ചി തൂക്കിക്കൊണ്ടു് എന്റെ വീട്ടിൽ വന്നുകയറും. അദ്ദേഹവും രണ്ടുമണിക്കൂർ നേരമിരിക്കും. ആ വ്യക്തിയെ കണ്ടയുടൻ ഞാൻ നിരസം മറച്ചുകൊണ്ട് 'വരൂ. വരൂ. ഇരിക്കൂ' എന്ന് ക്ഷണിക്കും. എന്റെ കാപട്യം!

2\. ജീപ്പ് വന്ന് വീട്ടിന്റെ മുൻപിൽ നിൽക്കും. ശബ്ദത്തിന്റെ വോല്യം കൂട്ടി പ്രജാധിപത്യം സംരക്ഷിക്കാൻ. അഴിമതിയൊഴിവാക്കാൻ ഇന്ന സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യുക എന്ന അഭ്യർത്ഥന അതിൽ നിന്ന് കർണ്ണകഠോരമായി ഉയരും. ഒരു നിശ്ചിത വോല്യമില്ലല്ലോ ശബ്ദമേ സഹിക്കാനാവൂ. കാതടപ്പിക്കുന്ന, കാതു പൊട്ടിക്കുന്ന, ഈ നിർഘോഷം കേട്ടു ഞാൻ തളരും. അന്യന്ന് അസ്വസ്ഥതയുണ്ടാക്കുന്നതു് ജനാധിപത്യ ഭഞ്ജനമാണെന്ന് ജീപ്പിൽ വന്നവർ അറിയുകയില്ല.

> ഈ ലോകത്ത് സത്യസന്ധമായി എന്തെങ്കിലുമുണ്ടോ? ഉണ്ട്. അമ്മയുടെ കണ്ണുനീർ.

3\. ഉഷ്ണകാലമായതുകൊണ്ട് ഞാൻ ബനിയനിടാതെ വീട്ടിന്റെ മുൻപിൽ നിൽക്കും. അപ്പോൾ സൗന്ദര്യമുള്ള യുവതി വീട്ടിൽ വരും. അവരുടെ മുൻപിൽ നെഞ്ചു കാണിച്ചു നിൽക്കാൻ മടിയുള്ളതുകൊണ്ട് ഞാൻ 'വരൂ. വരൂ' എന്ന ക്ഷണിച്ചിട്ട് ഷേർട്ടോ ബനിയനോ ഇടാൻ വേണ്ടി വീട്ടിനകത്തേക്ക് ഓടും. എന്റെ ഓട്ടം കണ്ട് സ്ത്രീ വിചാരിക്കും 'ഞാൻ വന്നതു് ഇയാൾക്കു രസിച്ചില്ലെന്നു തോന്നുന്നു. അതുകൊണ്ടാണ് വീട്ടിനകത്തേക്ക് ഓടുന്നതു്'.

4\. ഒട്ടൊക്കെ പേരുള്ള എഴുത്തുകാരൻ പത്രപ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിന്റെ റിപ്പോർട്ട് അച്ചടിച്ചു വരും. അതിൽ നിസ്സാരനായ എന്നെ കണ്ടമാനം ആക്ഷേപിച്ചിരിക്കും. അല്പം കഴിയുമ്പോൾ റ്റെലിഫോൺ മണിനാദമുയരും. മറ്റേത്തലയ്ക്കൽ നിന്ന് ശബ്ദം ഇങ്ങനെ കേൾക്കും. "സാർ ഇന്നത്തെ ... ദിനപത്രം കണ്ടോ, ഞാൻ പറഞ്ഞതൊന്നുമല്ല അതിലുള്ളതു്. "തെറ്റിദ്ധരിക്കരുതു്" "ഇല്ല" എന്ന ഞാൻ മറുപടി പറയും. മാനനഷ്ടക്കേസിന്ന് വക്കീൽ നോട്ടീസ് അയയ്ക്കാനുള്ള സൗകര്യം ആ നിഷേധിക്കലുണ്ടാകുമ്പോൾ ഇല്ലാതെയാകും.


മാർഗറിറ്റ് അറ്റ്വുഡ്

5\. കനേഡിയൻ നോവലിസ്റ്റും കവിയുമായ മാർഗറിറ്റ് അറ്റ്വുഡ് (Margaret Atwood) പ്രചോദനാത്മകമായ ഒരു നിമിഷത്തിൽ എഴുതിയതു്:


I like to read novels in which the heroine has a costume rustling discreetly over her breasts, or discreet breasts rustling under her costume, some breasts, some rustling and, over all, discretion.

> നല്ല കവിതകളിൽ കവിയുടെ ആത്മാംശം അപ്രത്യക്ഷമാവുകയും പ്രതിപാദനത്തിന് നൈസർഗ്ഗികത വരികയും ചെയ്യും.

6\. യുക്തിക്ക് അതീതമായി ഉണ്ടാകുന്ന ഉൽകട വികാരങ്ങളെ ചിത്രീകരിക്കാൻ ഫാന്റസി പ്രയോജനപ്പെടും. അതു് വിദഗ്ദ്ധമായി പ്രയോജനപ്പെടുത്തുന്നു ദേശാഭിമാനി വാരികയിൽ 'കടൽ' എന്ന കഥയെഴുതിയ ശ്രീ. ശ്രീധരൻ പള്ളിക്കര. കറവനും കറത്തിയും. കറത്തിയെ കിളിയാക്കി കറവൻ കൊണ്ടു നടക്കുന്നു. പണം സമ്പാദിക്കുന്നു. ഒരു ദിവസം അവൾ കറത്തിയായി തന്നെ നടന്നപ്പോൾ കരേ സമ്പന്നന്മാർ അവളെ ലൈംഗികവേഴ്ചയ്ക്ക് വിധേയയാക്കി. പിന്നീട്ട് അവർ മന്ത്രം ജപിച്ച് കിളികളായി മാറി ഓരോ വഴിക്ക് പറന്നു പോയി. സ്വാഭാവികവും അയത്നലളിതവുമായ രീതിയിൽ 'മേലേത്തരത്തിലുടയോരുടെ ഹീനകൃത്യം' നിഷ്കളങ്കതയെയും നിർമ്മലസ്നേഹത്തെയും എങ്ങനെ ധ്വംസിക്കുന്നുവെന്ന് കഥാകാരൻ സ്പഷ്ടമാക്കിത്തരുന്നു. ഇതു് കിളികളുടെ കഥയാണ്. അതേ സമയം മനുഷ്യരുടെ—പാവപ്പെട്ടവരുടെ—കഥയുമാണ്.

### പുതിയ പുസ്തകം


"പ്രപഞ്ചത്തിന്റെ അധീശനും കാരുണ്യശാലിയുമായ പ്രിയപ്പെട്ട ഈശ്വര, പാപത്തിൽ കതിർന്ന ഞങ്ങൾ അങ്ങയുടെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു വലിയ മതഭക്തിയുള്ള ഗ്രുണോൾകർഷ്യം ഉണ്ടായിരുന്ന ഗുലാം ഹസൻ മന്തോയുടെ മകനായ സാദത്ത് ഹസൻ മന്തോയെ ഈ ലോകത്തു് നിന്ന് തിരിച്ച് വിളിക്കേണമേ എന്ന്. പ്രഭോ, പരിമളത്തെ ഉപേക്ഷിച്ച് മാലിന്യത്തിന്റെ പിറകേ ഓടുന്ന അയാളെ ഇവിടെ നിന്ന് എടുത്തുകളഞ്ഞാലും. അയാൾ സൂര്യപ്രകാശത്തെ വെറുക്കുന്നു. ഇരുട്ടിൽ കാലിടറി നടക്കാനാണ് അയാൾക്ക് ഇഷ്ടം. വിനയത്തോട് അയാൾക്കു പുച്ഛമല്ലാതെ വേറൊന്നുമില്ല. നഗ്നവും ലജ്ജാശൂന്യവും ആയവയോടേ അയാൾക്ക് ആഭിമുഖ്യമുള്ളൂ. മാധുര്യത്തെ അയാൾ വെറുക്കുന്നു. കയ്പുള്ള ഫലമാസ്വദിക്കാൻ അയാൾ ജീവനപേക്ഷിക്കും. വീട്ടമ്മമാരെ നോക്കുക പോലുമില്ല അയാൾ. വേശ്യകളുടെ ഇടയിൽ അയാൾക്ക് ഹർഷാതിരേകമാണ്. ഒഴുകുന്ന ജലത്തിനടുത്തു് അയാൾ പോകുകില്ല. മാലിന്യത്തിലൂടെ ക്ലേശിച്ച് നടക്കും. മറ്റുള്ളവർ കരയുന്നിടത്തു് അയാൾ ചിരിക്കും. മറ്റുള്ളവർ ചിരിക്കുന്നിടത്തു് അയാൾ കരയും. തിന്മകൊണ്ട് കറുത്ത മുഖങ്ങളെ അയാൾ ഇഷ്ടത്തോടെ കഴുകും; അവരുടെ മുഖഭാവം കാണാനായി. അയാൾ അങ്ങയെക്കുറിച്ച് വിചാരിക്കുന്നില്ല. അങ്ങയെ അനുസരിക്കാതെ അധഃപതിച്ച മാലാഖയുണ്ടല്ലോ സാത്താൻ അവനെയാണ് അയാൾ എവിടെയും അനുഗമിക്കുന്നതു്". സാഹിത്യാന്തരീക്ഷത്തിൽ ഉൽക്ക പോലെ ഉദിച്ചുയർന്നു കണ്ണഞ്ചിക്കുന്ന പ്രഭ പ്രസരിപ്പിച്ച് പൊടുന്നനെ അപ്രത്യക്ഷനായ ഉർദ്ദു സാഹിത്യകാരൻ സാദത്ത് ഹസൻ മന്തോ ഈശ്വരനോട്ട് നടത്തിയ അഭ്യർത്ഥനയാണിതു്. പശ്ചാത്താപ വിവശനായി മന്തോ ജഗന്നിയന്തോവിനോട്ട് ചെയ്ത ഈ അപേക്ഷയിൽ അത്യുക്തിയുണ്ടെന്ന് നമ്മൾ കരുതിയേക്കും. പക്ഷേ അടുത്തകാലത്ത് പ്രസിദ്ധപ്പെടുത്തിയ മന്തോയുടെ ജീവചരിത്രം വായിച്ചാൽ അദ്ദേഹം സത്യത്തിൽ സത്യമായതേ ഈശ്വരന്റെ മുൻപിൽ പ്രദർശിപ്പിച്ചുള്ളുവെന്ന് നമുക്ക് മനസ്സിലാക്കാം (Manto Naama, The life of Sadaat Hasan Manto, Jagdish Chander Wadhawan, Translated by Jai Ratan, Lotus Collection, Roli Books, pp. 192).



പക്ഷേ ആ സത്യത്തിലും മന്തോയുടെ മനുഷ്യത്വമുണ്ട് എന്നാണ് ജീവചരിത്രകാരന്റെ അഭിപ്രായം. മന്തോ വേശ്യാലയത്തിൽ ചെന്നിരിക്കുകയാണ്. ഇനി ജീവചരിത്രകാരൻ പറയുന്നതു് കേൾക്കുക:

അവളോടു ഏതാനും ചോദ്യങ്ങൾ ചോദിച്ചിട്ട് അദ്ദേഹം അവളെ നിരാകരിച്ചു. പോകാനായി പത്താൻ അവളോട് ആംഗ്യം കാണിച്ചു. അവൾ പോയി. അതിനശേഷം പത്താൻ വേറൊരു വേശ്യയെ കൊണ്ടുവന്നു. പിന്നീട്ട് മറ്റൊരു വേശ്യയെയും. മന്തോ അവരിൽ ആരെയും ഇഷ്ടപ്പെട്ടില്ല. അപ്പോൾ വേറൊരു വേശ്യ വന്നു. തീക്ഷ്ണ മുഖരേഖകൾ. ലൈംഗികത്വമാർന്ന മന്ദഹാസം. ഇരുണ്ട കണ്ണുകൾ. കാലുകൾ മടക്കിവച്ച് അവൾ ഇരുന്നു. മന്തോക്ക് ആ ഇരിപ്പ് ഇഷ്ടപ്പെട്ടു... 'നീ എന്താണ് രാത്രിയിലും ഈ കറുത്ത കണ്ണട വച്ചിരിക്കുന്നതു്?' എന്ന് അദ്ദേഹം ചോദിച്ചു. 'താങ്കളുടെ സൗന്ദര്യം എന്റെ കണ്ണുകളെ അന്ധത്വത്തിലേക്ക് കൊണ്ടുചെല്ലുമെന്ന വിചാരിച്ച്' എന്ന് അവളുടെ മറുപടി... മന്തോ അവളുടെ കണ്ണട വലിച്ചെടുത്തു. കോങ്കണ്ണി. 'ഓമനേ കണ്ണട ഇല്ലാതെ നീ വന്നിരുന്നെങ്കിലും കോങ്കണ്ണുള്ള നിന്നെ ഞാൻ സ്നേഹിക്കുമായിരുന്നു' എന്ന മന്തോ പറഞ്ഞു. അവളെയും അദ്ദേഹം പറഞ്ഞയച്ചു' (പുറം 58).

അതിമദ്യപനായിരുന്നു മന്തോ. ആറു പെഗ് വിസ്കി കുടിച്ചിട്ട് ഏഴാമത്തേതിന് കൈ വച്ചപ്പോൾ അടുത്തിരുന്ന വേശ്യ അദ്ദേഹത്തെ തടഞ്ഞു. വേശ്യയുടെ സ്നേഹം കണ്ട് അദ്ദേഹം വികാരപരവശനായി. 'നീ ക്ലിയപത്രയാണ്. ഹെലനാണ് എന്ന മന്തോ അവളോട് പറഞ്ഞു. അച്ഛൻ സ്നേഹിച്ചില്ല; മൂത്ത സഹോദരന്മാർ അകറ്റി നിറുത്തി. അതുകൊണ്ടാണ് മന്തോ കുടിച്ചതു് എന്നാണ് ജീവചരിത്രകാരന്റെ വാദം. 1955 ജനവരി 17-ന് മന്തോ വൈകിയാണ് വീട്ടിലെത്തിയതു്. അദ്ദേഹം രക്തം ഛർദ്ദിച്ചു. ഇടരെത്തുടരെ ഛർദ്ദിക്കുകയായി. ആംബ്യൂലൻസിൽ അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും വഴിക്കു വെച്ചു തന്നെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു.


മന്തോ

'The undisputed master of the modern Indian short story' എന്നു സൽമാൻ റുഷ്ദിയാലും 'Manto's irony and humanity raise him on par with Gogol' എന്നു അനിത ദേശായിയാലും വാഴ്ത്തപ്പെട്ട ഈ സാഹിത്യകാരൻ 'ഗ്രെയ്റ്റ്' ആണെന്ന് ജീവചരിത്രകാരൻ പ്രസ്താവിക്കുന്നു. 'Only the greatness of his art and his great stature as a writer will keep him alive' എന്ന് ജീവചരിത്രത്തിൽ അസന്ദിഗ്ദ്ധമായ രേഖപ്പെടുത്തൽ. സംവേദനങ്ങളെയും വികാരങ്ങളെയും അന്യൂനമായ രീതിയിൽ ആവിഷ്കരിച്ച മന്തോ ആഖ്യാന വൈദഗ്ദ്ധ്യത്തിൽ, ഭാഷയിലുള്ള ആധിപത്യത്തിൽ നിസ്തുലനായിരുന്നുവെന്നും ജീവചരിത്രകാരൻ ഉദ്ഘോഷിക്കുന്നു.

ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്ത മന്തോയുടെ രചനകളാകെ ഈ ലേഖകൻ വായിച്ചിട്ടുണ്ട്. അതിശക്തങ്ങളാണ് അദ്ദേഹത്തിന്റെ കഥകളെന്നതിൽ സംശയമില്ല. ഇന്ത്യയുടെ വിഭജനത്തെത്തുടർന്നുണ്ടായ കൊലപാതകങ്ങളിലും ബലാത്സംഗങ്ങളിലും ശിശുവധങ്ങളിലും 'സെൻസിറ്റീവ് ആർടിസ്റ്റാ'യ മന്തോ എങ്ങനെ പ്രതികരിച്ചു എന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് ആ കഥകൾ. വേദനകൊണ്ട് അദ്ദേഹം ആവശ്യകതയിൽ കവിഞ്ഞു ശബ്ദമുയർത്തിയോ എന്ന് എനിക്ക് സംശയം. എങ്കിലും മഹായശസ്കനായ ഒരെഴുത്തുകാരന്റെ ജീവിതം എങ്ങനെയായിരുന്നുവെന്ന് ഗ്രഹിക്കാൻ താല്പര്യമുള്ളവർക്ക് ഈ ഗ്രന്ഥം വായിക്കാം. ഏതറിവും നമ്മുടെ സംസ്കാരത്തെ വികസിപ്പിക്കുമല്ലോ.

മന്തോയുടെ ഒരു സ്കെച്ച്:

നീയാരു്

നീയാരെന്ന് പറ

ഹര ഹര മഹാദേവ, ഹര ഹര മഹാദേവ

ഹര ഹര മഹാദേവ!

നീ പറയുന്ന ആൾ നീതന്നെയെന്നതിന് എന്താണു തെളിവ്?

തെളിവോ? എന്റെ പേരു് ധരംചന്ദ്. ഹിന്ദുവിന്റെ പേരു്

തെളിവില്ല ഇതിനു

ശരി. എനിക്കു വേദങ്ങളെല്ലാം കാണാതെ അറിയാം. പരിശോധിക്കു

ഞങ്ങൾക്കു വേദങ്ങളെക്കുറിച്ചു ഒന്നുമറിഞ്ഞു കൂടാ. തെളിവാണ് വേണ്ടതു് ഞങ്ങൾക്കു

എന്തു?

ട്രൗസേർസ്സ് താഴ്ത്തു

ട്രൗസേർസ്സ് താഴ്ത്തിയപ്പോൾ കൂട്ടക്കലക്കം.

കൊല്ലവനെ, കൊല്ലവനെ

ക്ഷമിക്കു ദയവായി. ഞാൻ നിങ്ങളുടെ സഹോദരനാണ്. ഭഗവാനെ സാക്ഷി നിറുത്തി പറയുകയാണ് ഞാൻ നിങ്ങളുടെ സഹോദരൻ

അങ്ങനെയാണെങ്കിൽ സുന്നത്ത് എന്തിനു?

ഞാൻ കടന്നു വന്ന പ്രദേശത്തെ നിയന്ത്രിച്ചതു് ശത്രുക്കളായിരുന്നു. അതുകൊണ്ടു ഞാൻ ഈ മുൻകരുതലെടുത്തു. ജീവൻ രക്ഷിക്കാൻ വേണ്ടിമാത്രം... ഇതൊരു തെറ്റു മാത്രം. ശേഷമുള്ളതെല്ലാം ശരി.

ആ തെറ്റു മാറ്റു തെറ്റു മാറ്റപ്പെട്ടു. അതോടൊപ്പം ധരംചന്ദും. 'മാല' എന്ന പേരിലുള്ള ഒരു സ്കെച്ചു കൂടി:

ജനക്കൂട്ടം ഇടത്തോട്ടു തിരിഞ്ഞു. അതിന്റെ പ്രതികാരേച്ഛ മുഴുവൻ ലാഹോറിലെ മഹാനായ മനുഷ്യസ്നേഹി സർ ഗംഗാറാമിന്റെ മാർബിൾ പ്രതിമയുടെ നേർക്കായി. ഒരാൾ പ്രതിമയുടെ മുഖത്തു കീലു പുരട്ടി. വേറൊരാൾ ചെരിപ്പുകൊണ്ടു മാലയുണ്ടാക്കി മഹാനായ അദ്ദേഹത്തിന്റെ കഴുത്തിലിടാൻ ഭാവിച്ചതാണ്. അപ്പോൾ തോക്കുകളുടെ ദീപ്തിയോടെ പോലീസ് വന്നു. ചെരിപ്പുമാലയുണ്ടാക്കിയവനെ അവർ വെടിവച്ചു. എന്നിട്ട് അടുത്തുള്ള സർ ഗംഗാറാം ആശുപത്രിയിലേക്കു അയാളെ കൊണ്ടുപോയി.

ഈ സ്കെച്ചുകൾക്കുള്ള സ്വഭാവം തന്നെയാണ് മന്തോയുടെ ചെറുകഥകൾക്കുമുള്ളതു്.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആഥിത്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപീഡിയയോട് കടപ്പാട്.)

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.